DESPATCHED
On 9/2/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No. 1173 (5)/18/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 5153/SIC-G7/2018

**സന്നിഹിത**
**ശ്രീമതി ശ്രീലത. പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2021**

| | |
|---|---|
| **ശ്രീ. സോമനാഥൻ,<br>എസ്.എൻ. ഹൗസ്,<br>ചിറ്റാർ. പി.ഒ,<br>പത്തനംതിട്ട.** | **അപ്പീൽഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പോലീസ് സ്റ്റേഷൻ,<br>ചിറ്റാർ, പത്തനംതിട്ട.** | **എതിർകക്ഷി** |

## ഉത്തരവ്

1. അപ്പീൽഹർജിക്കാരൻ ശ്രീ. സോമനാഥൻ, 14.05.2018 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജി AP.No. 1173(5)/18/SIC ആയി ഫയലിൽ സ്വീകരിച്ച് 2021 മാർച്ച് മാസം 29-ാം തീയതി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ, വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നിരുത്തരവാദപരമായ മറുപടി നൽകിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ക്കെതിരെ താൽക്കാലിക ശിക്ഷാ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം വിശദീകരണവും നിലവിലെ എസ്.പി.ഐ.ഒയോട് വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ വിവരം നൽകുവാനും നിർദ്ദേശിച്ചിരുന്നു.
2. വിശദീകരണം ലഭ്യമാകാത്തതിനെ തുടർന്ന് 21.07.2021 ന് ഫോൺ മുഖാന്തിരം ഹാജരായ എസ്.പി.ഐ.ഒയെ കേട്ടു. വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിലും കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയിൽ കൂറെക്കൂടി വ്യക്തത ആവശ്യമുള്ളതുകൊണ്ടും അടിയന്തിരമായി വിശദീകരണം സമർപ്പിക്കുന്നതിന് വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായി.

3. തുടർന്ന് 29.07.2021 തീയതി രേഖപ്പെടുത്തിയിട്ടുള്ള വിശദീകരണം പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ട രേഖകളെ കുറിച്ച് അന്വേഷിച്ചിട്ടുള്ളതും 19.11.2017 തീയതി സമർപ്പിച്ച പരാതി സിവിൽ മാറ്റർ ആയതിനാൽ പെറ്റീഷൻ രജിസ്റ്ററിലോ ജനറൽ ഡയറിയിലോ രേഖ പ്പെടുത്തിയിട്ടില്ലായെന്നും സിവിൽ സ്വഭാവമുള്ള കാര്യങ്ങൾ ആയതിനാൽ മറ്റ് അന്വേഷണ ങ്ങൾ നടത്തിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു എന്നും അപ്പീൽഹർജിക്കാരൻ 13.11.2017 തീയതി സമർപ്പിച്ച പരാതി കണ്ടെത്തുവാൻ സാധിച്ചിട്ടില്ല എന്നുമാണ് കാണുന്നത്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ സിവിൽ സ്വഭാവമുള്ള പരാതികളെ കുറിച്ച് അന്വേഷണം നടത്തേണ്ട എന്നുള്ള സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ ഉള്ളതിനാലാണ് ടി പരാതി അന്വേഷിക്കാതിരുന്നതെന്നും അറിയിക്കുന്നുണ്ട്. എസ്.പി.ഐ.ഒ യുടെ മൊഴിയും റിപ്പോർട്ടും പൂർണ്ണമായും വിശ്വസനീയമല്ലെങ്കിലും മേൽ വസ്തുതകൾ വിലയിരുത്തി ഈ അപ്പീൽ ഹർജിയിൻമേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ച് **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

gs